(ബി) കൂടുതൽ സ്റ്റാഫിനെ അനുവദിക്കുകയും മരുന്നു വാങ്ങാൻ കൂടുതൽ തുക അനുവദിക്കുകയും പലവക ചെലവുകൾക്കായി കൂടുതൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ആശുപത്രിയിൽ ആംബുലൻസ് നൽകാൻ നടപടി

1107 [2036] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, പി. സീതിഹാജി:
,, പി. കെ. കെ. ബാവ:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും ആംബുലൻസ് അനുവദിച്ചിട്ടുണ്ടോ;

(ബി) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ആംബുലൻസ് ഇല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവിടെ ഒരു ആംബുലൻസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർകോട് ജില്ലാ ആശുപത്രിയൊഴികെ എല്ലാ ജില്ലാ ആശുപത്രികൾക്കും ആംബുലൻസ് അനുവദിച്ചിട്ടുണ്ട്.

(ബി) മഞ്ചേരി ജില്ലാ ആശുപത്രിയിൽ 1978 മുതൽക്കുതന്നെ ഒരു ആംബുലൻസ് അനുവദിച്ചിട്ടുണ്ട്. കുറെ നാളുകളായി കേടുവന്നു കിടന്നിരുന്ന പ്രസ്തുത ആംബുലൻസ് നന്നാക്കി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ആശുപത്രികളിൽ ജനറേറർ സ്ഥാപിക്കാൻ നടപടികൾ

1108 [2037] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലും ജില്ലാ ആശുപത്രിയിലും ജനറേറർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) ഈ വർഷംതന്നെ ജനറേറുകൾ സ്ഥാപിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇപ്പോൾ പോർട്ടബിൾ ജനറേറർ വാങ്ങാനേ ഉദ്ദേശമുണ്ട്. അടുത്തവർഷം ബഡ്ജറ്റിൽ വേണ്ട തുക ഉൾക്കൊള്ളിച്ചു അനുയോജ്യമായ തരത്തിലുള്ള ജനറേറർ വാങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ ജനറേറർ സ്ഥാപിക്കുന്നതിന സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly